www.gospelinmalayalam.com

# CHAPTER - 3

**Col** 3: 1- 17 **Spiritual Inner Life in Christ**

ദൈവത്തിന്റെ സർവ്വജ്ഞാനവും ക്രിസ്തുവിൽ - അതുകൊണ്ട്

**(a)** Continue in Him (2: 6- 7)

**(b)** Not be devoured by Vain philosophies (2: 8- 10)

**(c)** Since believers are identified with Christ, they are not to live under Jewish Laws

**(d)** They have died with Christ so not to submit to Legalistic rules

Col 3: 1- 4 - (Seek spiritual values)

**Col 3: 1- 4** *ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ക്രിസ്തുവിൽ മരിച്ചു എന്നു മാത്രമല്ല, ക്രിസ്തുവിനോടുകൂടെ ഉയിർത്തു.*

ക്രിസ്തുവിനോടുകൂടെ മരിച്ചു എന്നു മാത്രമല്ല, ക്രിസ്തുവിനോടുകൂടെ ഉയിർത്തു. So set your heart as heavenly things.

**Col 3: 5- 11** Put to death sinful worldly practices (put off old life)

**Col 3: 12- 17** Cloth themselves with Christ's virtues (put on virtues of new life)

**Col 3: 18- 4: 1** This should affect our relationship with other members of families and society.

## SEEKING Spiritual Values

**Col 3: 1- 4** *ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ക്രിസ്തുവിൽ മരിച്ചു എന്നു മാത്രമല്ല, ക്രിസ്തുവിനോടുകൂടെ ഉയിർത്തു.*

**Col 3: 1** ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. We have died with Christ and resurrected with Christ. Seek things of above. Set the hearts on things above. Seek or strive for it earnestly.

Fixing attention decisively towards things above.

ജീവിതത്തിന്റെ കേന്ദ്രസ്ഥാനം, ഉയിർത്തെഴുന്നേറ്റ ക്രിസ്തു.

**Eph 4: 10** ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു.

**John 17: 5** *ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകുംമുമ്പെ നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ.*

**Phil 2: 9** *അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി.*

**Math 6: 21** *നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും.*

നിക്ഷേപം ഉള്ളിടത്ത് ഹൃദയം ഇരിക്കുന്നു.

Christ is seated at the right hand of God.

fleettech@gmail.com

| | |
|---|---|
| **Ps 110: 1** | *യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം...* |
| **Luke 22: 69** | *എന്നാൽ ഇന്നുമുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുഭാഗത്തു ഇരിക്കും എന്നു പറഞ്ഞു.* |
| **Acts 2: 33** | *അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കയും ചെയ്യുന്നതു പകർന്നു തന്നു.* |
| **Acts 5: 31** | *യിസ്രായേലിനു മാനസാന്തരവും പാപമോചവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു.* |
| **Rom 8: 34** | *ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു.* |
| **Eph 1: 20** | *അങ്ങനെ അവൻ ക്രിസ്തുവിലും വ്യപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിക്കയും....* |
| **Heb 1: 3** | *അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനങ്ങൾ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തും ഇരിക്കയും...* |
| **Heb 1: 13** | *"ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക" എന്നു ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിചെയ്തിട്ടുണ്ടോ?* |
| **Heb 8: 1** | *സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്തു ഇരുന്നവനായി....* |
| **Heb 10: 12** | *യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ടു എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ടു...* |
| **Heb 12: 2** | *വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.* |
| **1Pet 3: 22** | *അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പെട്ടുമിരിക്കുന്നു.* |
| | Christ has divine authority because he has defeated the forces of evil and death . |
| **Heb 2: 14- 15** | *മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.* |
| **Col 3: 2** | *ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.* |
| | ഉയരത്തിലുള്ളത് തന്നെ ചിന്തിപ്പിൻ. Set your minds on things above, not on earthly things. |
| | Concentrate on eternal not on temporal |
| **2Cor 4: 18** | *കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം.* |
| | Set your heart on things above - striving |
| | Set your mind on things above - Concentrating |
| | യഥാർത്ഥബോധം വെടിഞ്ഞ് ഒരു സ്വപ്നലോകത്തിൽ ജീവിക്കണമെന്നല്ല |
| | Live on the earth live our life in this world, with the resurrection power of Christ. |

fleettech@gmail.com

www.gospelinmalayalam.com

Live with the power of ascended, glorified Christ.

ഉപേക്ഷിക്കേണ്ട ഭൂമിയിലുള്ളവ - Immorality, impurity, Lust etc.

Every physical things God created are good.

**Gen 1: 27- 30** *ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവനെ സൃഷ്ടിച്ചു. ദൈവം അവെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു. ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു; അവ നിങ്ങൾക്കു ആഹാരമായിരിക്കട്ടെ; ഭൂമിയിലെ സകലമൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഭൂമിയിൽ ചരിക്കുന്ന സകല ഭൂചരജന്തുക്കൾക്കും ആഹാരമായിട്ടു പച്ചസസ്യം ഒക്കെയും ഞാൻ കൊടുത്തിരിക്കുന്നു എന്നു ദൈവം കല്പിച്ചു.*

**1Tim 4: 1- 4** *എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കുകയും ചെയ്യും.*

But do not give in to the flesh (Immorally..impurity & lust)

Those who concentrate on flesh - will loose their vision, it will prevent God's purpose for them.

**Col 3: 3- 4** *നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.*

രക്ഷിക്കപ്പെടുമ്പോൾ - A believer dies to evil of the flesh, dies to the sin nature

**Rom 6: 3- 8** *അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു: ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടു ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരിക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.*

**Col 2: 11** *അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു*

Now our life is hidden with christ in God.

Hidden - Conceal, safely. invisibility & Security.

But Not yet glorified. but secure in christ.

Christ is our very life.

Christ said,

fleettech@gmail.com

www.gospelinmalayalam.com

**John 14: 19** *കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും;*

When Christ returns

**1Thess 4: 16- 18** *കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.*

Believers will appear with Him and will be glorified.

**1John 3: 2** *പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു.*

**1Cor 13: 12** *ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും.*

**Col 1: 27** *"അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ"*

വിശ്വാസികൾ നോക്കിപാർക്കേണ്ട കാര്യങ്ങൾ (1) To look upwards to Christ reign over them in heaven.

**(2)** To Christ's return for them

**Col 3: 5- 11** **<u>Putting off the sins of old life</u>**

**Col 3: 5- 11** *ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. ഈ വക നിമിത്തം ദൈവകോപം അനുസരണംകെട്ടവരുടെ മേൽ വരുന്നു. അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നുപോന്നു. ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷകു പറയരുതു. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ. അതിൽ യവനനും യെഹൂദനും എന്നില്ല, പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ , ശകൻ , ദാസൻ , സ്വതന്ത്രൻ എന്നുമില്ല; ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു.*

Put away the old life

**(1)** Personal life before conversion

Live on New Creation

**2Cor 5: 17** *ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു.*

(2) Evil tendencies is believers to day. To put off both

**Rom 1: 29- 31** *അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും, ദുർബുദ്ധിയും നിറഞ്ഞവർ; അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ,*

fleettech@gmail.com

www.gospelinmalayalam.com

*ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ.*

**1Cor 5: 11** *എന്നാൽ സഹോദരൻ എന്ന പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുതു. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു എന്നത്രെ ഞാൻ നിങ്ങൾക്കു എഴുതിയതു.*

**1Cor 6: 9** *അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ?*

**Gal 5: 19- 21** *ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പ, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു.*

**Eph 5: 3- 5** *ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു: അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രേ വേണ്ടു. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.*

**Col 3: 6** *ഈ വക നിമിത്തം ദൈവകോപം അനുസരണംകെട്ടവരുടെമേൽ വരുന്നു.*

**John 3: 36** *പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു: പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ.*

**Rom 2: 5** *എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു.*

**2Thes 1: 7- 9** ദൈവത്തെ അരിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിനും വരുമ്പോൾ...

**Col 3: 7** *അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നുപോന്നു.*

കൊലോസ്യ വിശ്വാസികൾ മുമ്പെ അപ്രകാരം നടന്നവർ ആയിരുന്നു. മുമ്പെ നടന്ന ലിസ്റ്റ് 3: 5

**Col 3: 8** *ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ.*

ഇപ്പോൾ ഉപേക്ഷിക്കേണ്ടവ ലിസ്റ്റ് 3: 8

Anger - കോപം - smouldering hatred

Rage - ക്രോധം - Acute outburst - outburst of anger

Malice - ഈർഷ്യ - root of anger and rage (Root cause anger and rage)

Slander - evil speaking

Faltly language - shameful or abrasive speech

**Col 3: 9** *അന്യോന്യം ഭോഷകു പറയരുതു. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു,*

lie - അസത്യം. truthfulness is essential in followers of Christ who is Truth. Discard the

fleettech@gmail.com

www.gospelinmalayalam.com

old man with its practices.

**Col 3: 10** *തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ.*

പഴയതു ഉരിഞ്ഞുകളഞ്ഞ് പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിക്കണം.

**2Cor 4: 16** *അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു.*

Continued Renewal

**Rom 12: 2** Transformed - മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ

പരിജ്ഞാനത്തിനായി. In knowledge. വ്യക്തിപരമായി കർത്താവിനെ അറിയുമ്പോൾ നാം പുതുക്കം പ്രാപിക്കേണ്ട ആവശ്യം ബോധ്യപ്പെടും.

നമ്മെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം - That is the ideal target - ലക്ഷ്യം അതാണ്.

Adam was created in the image of God (Gen 1: 27) Moral and intellectual likeness to God. ഈ രൂപം പൂർണ്ണമായി നഷ്ടം വന്നില്ല എന്നാൽ അതിനു തിളക്കം നഷ്ടപ്പെട്ടു.

It got corrupted - Needs repair and Renewal.

പരിശുദ്ധാത്മാവിനു നമ്മെത്തന്നെ കീഴ്പ്പെടുത്തുമ്പോൾ രൂപാന്തരം സംഭവിക്കുന്നു.

നഷ്ടപ്പെട്ട image തരികെ പ്രാപിക്കുന്നു. sanctifying work of the Holy spirit

In resurrection believers shall been likeness of the MAN (Christ) from heaven.

അപ്പോൾ മാത്രമെ നാം സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം ആയിത്തീരുകയുള്ളൂ.

**Col 3: 11** *അതിൽ യവനനും യെഹൂദനും എന്നില്ല, പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ , ശകൻ , ദാസൻ , സ്വതന്ത്രൻ എന്നുമില്ല; ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു.*

ക്രിസ്തുവിൽ ഒരു പക്ഷാഭേദവുമില്ല.

| | | |
|---|---|---|
| No National Distinction | : | Jews - They called others Greek (യവനൻ) |
| No Religious Distinction | : | Circumcised - Uncircumcised (അഗ്രചർമ്മി) |
| No Cultural difference | : | Greeks - They called other Barbarican (ബർബ്ബരൻ) |
| No Cultural difference | : | Greeks - ശകൻ (Scythian) Wild Nomad (Savage) |
| Slave or Free | : | സ്വതന്ത്രൻ - ദാസൻ (Slave) |

ഈ ഏതു വിഭാഗത്തിൽനിന്നും കർത്താവിങ്കലേക്കു വന്നാലും എല്ലാവരും ഒന്നുപോലെ തന്നെ. എല്ലാ മതിലുകളും തകർപ്പാൻ ക്രിസ്തീയവിശ്വാസത്തിനു സാധിച്ചു. All believer are created equal.

പഴയതു കഴിഞ്ഞുപോയി. പുതുമനുഷ്യനെ ധരിക്കണം.

**Col 3: 12- 17 <u>Put on the Virtues of New life.</u>**

**Col 3: 12** *അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു...*

| | | |
|---|---|---|
| God's chosen people | - | ദൈവത്തിന്റെ വൃതന്മാർ |
| God's dearly loved | - | പ്രിയന്മാർ |
| God's Holy | - | വിശുദ്ധന്മാർ |

എന്തൊക്കെയാണുണ്ടായിരിക്കേണ്ട Qualification - മനസ്സലിവ് (compassion), ദയ (kindness), താഴ്മ (humble), സൗമ്യത (meakness), ദീർഘക്ഷമ (patience).

fleettech@gmail.com

www.gospelinmalayalam.com

Self restraint - a steady response in the face of provocation

**Col 3: 13** *അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ .*

Believers are to bear with each other.

Forgive whatever grievances, they may have against others.

Grudge have no place in Christian life

**Col 3: 14** *എല്ലാറ്റിന്നും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ.*

എല്ലാറ്റിനും മീതെ സ്നേഹം

**1Cor 13: 13** *ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ.*

The holding bond, holding all together in perfect unity.

**Col 3: 15** *ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിന്നല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നതു; നന്ദിയുള്ളവരായും ഇരിപ്പിൻ .*

"peace of christ rule in the hearts"

വിശ്വാസികൾ ദൈവവുമായി അടുത്താണെങ്കിൽ അവർ പരസ്പരം close ആയിരിക്കും. സമാധാനം (ദൈവം വിശ്വാസികൾക്കു ഹൃദയത്തിൽ കൊടുക്കുന്ന സമാധാനം) എല്ലാ dispute ലും ചർച്ചകളിലും, പ്രശ്നങ്ങളിലും തീരുമാനം എടുപ്പാൻ സഹായിക്കും.

Not by wrangling, but by His peace.

Be thankful. നന്ദിയുള്ളവരായിരിക്കുക. ഹൃദയം നന്ദിയാൽ നിറയുമ്പോൾ ദൈവീക സമാധാനം നാം ഹൃദയത്തിൽ അനുഭവിക്കും.

**Col 3: 16** ***സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ.***

**Eph 5: 18- 19** *വീഞ്ഞുകുടിച്ചു മത്തരാകരുതു: അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും...*

ഹൃദയത്തിൽ എല്ലായ്പ്പോഴും നിറയേണ്ടത്

| | |
|---|---|
| Psalms | സങ്കീർത്തനം |
| hymns | സ്തുതികൾ |
| Spiritual songs | ആത്മികഗീതങ്ങൾ |

ആരാധനയിൽ സാക്ഷ്യം, പ്രബോധനം, വചനം ഇവ മറ്റുള്ളവർക്കും ആത്മികവർദ്ധന വരുത്താൻ മതിയായത്.

**Col 3: 17** *വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.*

എന്തു ചെയ്താലും, എപ്പഴും യേശുവിന്റെ നാമത്തിൽ ചെയ്യുക. അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുക. Give thanks to God the father.

**Col 3: 18 - 4: 1** **<u>Perfecting Private life</u>**

**Col. 3: 18** *ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കും കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ.*

fleettech@gmail.com

www.gospelinmalayalam.com

Husband - head of the family - President

Wife - Submit to their husbands as is fitting to the Lord - Vice President

She is not obliged to follow her husband's leadership if it conflict with specific scriptural commands.

**Col 3: 19** *ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ; അവരോടു കൈപ്പായിരിക്കയമരുതു.*

Husband. To love their wives. Loving leadsership - Not dictatorial dominion.

Tender loving care from husband is a mature relation

കൈപ്പായിരിക്കുക - Be harsh = make bitter

Wives are like tender flowers, sensitive flowers

**1Pet 3: 7** *അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ചു. സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപെക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ.*

Get distroyed under authoritarian dominance. But blossom under tender loving care.

In a mature marriage the husband exercises companionate care and wife responds in willing submission to this loving leadership.

**Col 3: 20** *മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ . ഇതു കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ.*

Chilren to OBEY their parents in everything.

**Exo 21: 17** *തന്റെ അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം.*

**Lev 20: 9** *അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം; അവൻ അപ്പനെയും അമ്മയെയും ശപിച്ചു; അവന്റെ രക്തം അവന്റെമേൽ ഇരിക്കും.*

**Luke 2: 51** *പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി, നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു. ഈ കാര്യങ്ങൾ എല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു.*

Jesus obeying Joseph & mother Mary. Obedience reflects God's design for order in the home.

**Eph 6: 1** *മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ.*

It is just. It is right. It is proper.

**Col 3: 21** *പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന്നു അവരെ കോപിപ്പിക്കരുതു.*

Fathers & Mothers

**Prov 1: 8** *മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു.*

**Prov 6: 20** *മകനേ, നിന്റെ അപ്പന്റെ കല്പന പ്രമാണിക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു.*

Do not provoke, Do not Irritate. Do not demand unreasonable things.

**Eph 6: 4** *പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ.*

**Eph 6: 4** Do not make them discourged.

Praise them for well doing. Do not criticise. What is needed in Loving discipline.

**Heb 12: 7** *നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു?*

fleettech@gmail.com

Bring them in training & instruction of the Lord.

**Col 3: 22- 25** *ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിന്നു ഒത്തതു പ്രാപിക്കും; മുഖപക്ഷം ഇല്ല.*

To slaves : Paul’s advice is - To obey with sincerity of heart.

- To work with reverence for the Lord

- Working with the presence of God’s character and presence

- Not by pretending but by genuine sincerity

Slavery - is not desirable. It is undesirable - ഒരു അടിമയായിരിക്കുന്നതു കാര്യമല്ല. എന്നാൽ, Paul’s goal did not mean restructuring social institutions.

**1Cor 7: 17- 24** *എന്നാൽ ഓരോരുത്തനു കർത്താവു വിഭാഗിച്ചുകൊടുത്തതുപോലെയും ഓരോരുത്തനെ ദൈവം വിളിച്ചതുപോലെയും അവനവൻ നടക്കട്ടെ: ഇങ്ങനെ ആകുന്നു ഞാൻ സകല സഭകളിലും ആജ്ഞാപിക്കുന്നതു. ഒരുത്തൻ പരിച്ഛേദനയോടെ വിളിക്കപ്പെട്ടുവോ? അഗ്രചർമ്മം വരുത്തരുതു; ഒരുത്തൻ അഗ്രചർമ്മത്തോടെ വിളിക്കപ്പെട്ടുവോ? പരിച്ഛേദന ഏല്ക്കരുതു. പരിച്ഛേദന ഒന്നുമില്ല. അഗ്രചർമ്മവും ഒന്നുമില്ല. ദൈവകല്പന പ്രമാണിക്കുന്നതത്രെ കാര്യം. ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ വസിച്ചുകൊള്ളട്ടെ. നീ ദാസനായി വിളിക്കപ്പെട്ടുവോ? വ്യസനിക്കരുതു. സ്വതന്ത്ര്യൻ ആകുവാൻ കഴിയുമെങ്കിലും അതിൽ തന്നേ ഇരുന്നുകൊൾക. ദാസനായി കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രൻ ആകുന്നു. അങ്ങനെ തന്നേ സ്വതന്ത്രനായി വിളിക്കപ്പെട്ടവൻ ക്രിസ്തുവിന്റെ ദാസനാകുന്നു. നിങ്ങളെ വിലെക്കു വാങ്ങിയിരിക്കുന്നു. മനുഷ്യർക്കു ദാസന്മാരാകരുതു. സഹോദരന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ ദൈവസന്നിധിയിൽ വസിക്കട്ടെ.*

ക്രിസ്തീയ ജോലിക്കാർ - Employees who are believer - must have the feeling that the attitude to work. I am serving the Lord എന്നായിരിക്കണം.

Quality will improve productivity will improve.

പ്രതിഫലം - ദൈവം തരും

**2Cor 5: 10** *അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.*

**Rom 2: 9** *തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും കഷ്ടവും സങ്കടവും ആദ്യം യഹൂദനും പിന്നെ യവനനും വരും.*

God will judge without favour

**Eph 6: 9** *യജമാനന്മാരേ, അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ടു അങ്ങനെതന്നേ അവരോടു പെരുമാറുകയും ഭീഷണിവാക്കു ഒഴിക്കയും ചെയ്‌വിൻ.*

God will repay wrong doers & Reward those who serve Him.

fleettech@gmail.com